തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ&ബി) ഉണ്ട്. 2010 മാർച്ചിലാണ് കേരള കുടിയേറ്റ തൊഴിലാളി പദ്ധതി രൂപീകരിച്ചത്. ആയതിന്റെ നടത്തിപ്പിലേയ്ക്കായി സർക്കാർ 10 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 2013-ൽ ഗ്രാമീണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് & ടാക്സേഷൻ നടത്തിയ പഠനത്തിൽ 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വന്നുപോകുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ തൊഴിലാളികളെല്ലാം പ്രസ്തുത പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ല. കുടിയേറ്റ തൊഴിലാളി, ക്ഷേമപദ്ധതി 2010-ൽ നിലവിൽ വന്നതിനെ തുടർന്ന് പദ്ധതി പ്രകാരം രജിസ്ട്രേഷനും അംഗങ്ങൾക്ക് വിവിധ ആനുകൂല്യം നൽകുന്നതിനെ സംബന്ധിച്ചും അന്യസംസ്ഥാന തൊഴിലാളികൾ ക്കാവശ്യമായ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു വരുന്നുണ്ടെങ്കിലും പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം വളരെ കുറവായാണ് കാണുന്നത്. 2015 മേയ് 31 വരെ 49674 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ടി പദ്ധതി സ്വയമേവ പദ്ധതിയാണ്. അതിനാൽ അംഗത്വം നിർബന്ധമാക്കിയിട്ടില്ല. ടി തൊഴിലാളികൾ ഒരു സ്ഥലത്തുനിന്ന് അടിക്കടി തൊഴിലിടം മാറുന്നതും തൊഴിലുടമ/കോൺട്രാക്ടർ പദ്ധതിയിൽ അംഗങ്ങളെ ചേർക്കാനുള്ള നിസ്സഹരണം കാണിക്കുന്നതും തൊഴിലാളികളുടെ താൽപ്പര്യക്കുറവും ഇതിന് കാരണമായി കണക്കാക്കാവുന്നതാണ്.

(ഡി) സ്വീകരിക്കുന്നതാണ്.

കാൻസർ രോഗചികിത്സാ വിപുലീകരണം

13 (*373) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ രോഗബാധ നേരിടാൻ മെഡിക്കൽ കോളേജുകളിൽ മിനി റീജണൽ കാൻസർ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാൻസർ രോഗചികിത്സയിൽ ആയുർവ്വേദം, ഹോമിയോ, സിദ്ധ, ആൾട്ടർനേറ്റീവ് മെഡിസിൻ എന്നീ വിഭാഗങ്ങൾക്ക് നിർണ്ണായക പങ്കുവഹിക്കാൻ സാധിക്കുമെന്നത് പരിഗണിച്ച് എല്ലാ വിഭാഗത്തിലെയും വിദഗ്ധരുടെ നേതൃത്വത്തിൽ ഗവേഷണവും സംയുക്ത ചികിത്സാ രീതികളും പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഉണ്ട്. തൃശ്ശൂർ, കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി. തുടങ്ങുവാനുള്ള പദ്ധതി 14-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) തൽക്കാലം പരിഗണനയിലില്ല.

തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം

14 (*374) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം എത്ര വർഷം കൂടുമ്പോഴാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) അവസാനമായി വേതനം പുതുക്കി നൽകിയത് എന്നാണ് ;

(സി) വേതന പരിഷ്കരണം നടപ്പിലാക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പുതിയ വേതന പരിഷ്കരണം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഓരോ മൂന്ന് വർഷം കൂടുമ്പോഴാണ് തൊഴിലാളികളുടെ വേതന പരിഷ്കരണം നടപ്പിലാക്കുന്നത്.

(ബി) 22-5-2012-ൽ, പ്രാബല്യ തീയതി 1-2-2012

LIBRARY ARCHIVES Kerala Legislative Assembly